LIBRARY ARCHIVES Kerala Legislative Assembly

താനൂർ-ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മാണം

269 (2824) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കെട്ടിട നിർമ്മാണ പ്രവർത്തിക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നകാര്യം വിശദമാക്കുമോ ;

(സി) ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3.59 കോടി രൂപ ചെലവിൽ, ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജി. ഒ. (ആർടി.) നമ്പർ 1289/2014/തൊഴിൽ തീയതി 18-9-2014 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചെറിയമുണ്ടം ഐ.ടി.ഐ. സ്ഥാപിക്കുന്നതിലേയ്ക്കായി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജൂനിയർ ഇൻസ്ട്രക്ടർ-വെൽഡർ തസ്തികയിലെ നിയമനം

270 (2825) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ-വെൽഡർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; എത്രപേർക്ക് നിയമനം നൽകി ; വിശദാംശം നൽകുമോ ;